
സത്യം

അഹിംസ



# ദർശനം

(ജയ് ജഗത്)

സ്ഥാപക പത്രാധിപർ : ഡി. പങ്കജാക്ഷക്കുറുപ്പ്


| പുസ്തകം 42 | ലക്കം 4 | 2015 സെപ്റ്റംബർ 5 |
|---|---|---|

**സ്മരണാഞ്ജലി**

## ഭൂമിക്കാരൻ നഗറിലേയ്ക്ക് സ്വാഗതം.

സ്ഥലം : **എസ്.ഡി.വി. ഗവ. യു.പി.എസ് നീർക്കുന്നം.**

സമയം : **സെപ്റ്റംബർ 20 ഞായറാഴ്ച രാവിലെ 9 മണി മുതൽ 5 മണി വരെ**



പ്രിയമുള്ളവരെ,

പങ്കജാക്ഷക്കുറുപ്പുസാറിന്റെ ഉൽകൃഷ്ട ചിന്തകളെ കഴിയുന്നത്ര സ്വാംശീകരിക്കുവാനും, ജീവിതത്തിൽ പകർത്തുവാനുമാണ് ദർശനത്തിന്റെ എളിയ പരിശ്രമം. മാനുഷിക ധ്യാനവും, മൈത്രീ ഭാവനയും നമ്മുടെ മൈത്രീ സംഗമങ്ങളും അവനവനിലേയ്ക്ക് ചുരുണ്ടു കൂടുന്ന മനസ്സിനെ വിശാലമാക്കുവാനാണ്. മനുഷ്യരൊഴികെയുള്ള ജീവജാലങ്ങൾ കൊടുക്കൽ വാങ്ങൽ പ്രക്രിയയിലൂടെ കണ്ണിചേർന്ന് പാരസ്പര്യത്തിലാണ് ജീവിക്കുന്നത്. ഇവിടെ മനുഷ്യൻ മാത്രമാണ് സ്വാർത്ഥത മൂത്ത് ഈ ജീവശൃംഖല പൊട്ടിച്ച് പ്രകൃതി മലിനമാക്കി സ്വയം നശിക്കുന്നത്. ഒരു അച്ചിന് കേട് സംഭവിച്ചാൽ അതിൽ വാർക്കുന്നതെല്ലാം തകരാറോടു കൂടിയതായിരിക്കും. മനുഷ്യമനസ്സാകുന്ന അച്ച് സ്വാർത്ഥത, അസൂയ, അഹങ്കാരം എന്നിവ

ബാധിച്ച് വികലമായ ഒരു അവസ്ഥയിലാണ്. ആ മനസ്സിനെയാണ് ആദ്യം സംസ്കരിച്ചെടുക്കേണ്ടത്. മനസ്സിൽ വിശ്വമൈത്രീഭാവന വളർത്തിയെടുക്കണം. നമുക്ക് വേണ്ടപ്പെടാത്തവരായി ആരാണുള്ളത്. വിദ്വേഷവും, പകയും വെടിഞ്ഞ് സർവ്വ മതസ്ഥരേയും, കക്ഷിക്കാരേയും സജ്ജനങ്ങളേയും, ദുർജനങ്ങളേയും ബന്ധുക്കളായി കരുതുക. നാം വീട്ടിൽ നിന്ന് വളർന്ന് സമൂഹ ജീവിതത്തിലേയ്ക്ക് ഇറങ്ങണം. കഴിയുന്നത്ര സേവനങ്ങൾ ചെയ്യണം. പ്രശ്നങ്ങളുടെ നടുവിലും മനസ്സിന്റെ സമനില തെറ്റാതെ എപ്പോഴും സന്തോഷമായിരിക്കണം.

ഒരാൾ, ശിൽപ്പികൾ പണിയെടുത്തു കൊണ്ടിരിക്കുന്ന പ്രദേശത്തു കൂടി നടക്കുകയായിരുന്നു, വീട്ടുപകരണങ്ങളും, ശിൽപ്പങ്ങളും അവർ കൊത്തിക്കൊണ്ടിരിക്കുന്നു. അയാൾ അതിലൊരാളോട് ചോദിച്ചു; മിത്രമേ, താങ്കൾ ഇവിടെ എന്തു ചെയ്യുന്നു. തനിക്ക് കണ്ണ് കണ്ടു കൂടെ ഞാനൊരു ശിൽപ്പം കൊത്തുകയാണ്, എന്ന് ദേഷ്യത്തോടെ മറുപടി പറഞ്ഞു. വഴിയാത്രക്കാരൻ അടുത്തയാളോടും ഇതേ ചോദ്യം ആവർത്തിച്ചു. ഓ, വയറ്റിപ്പിഴപ്പിന് എന്തെങ്കിലും വഴി വേണ്ടേ അതിന് വേണ്ടി ശിൽപ്പം കൊത്തുകയാണ് എന്ന് നിരാശയോടെ അയാളും പറഞ്ഞു. മൂന്നാമത്തെയാളുടെ അടുത്ത് ചെന്നു, പാട്ടും പാടിക്കൊണ്ടാണ് അയാൾ ശിൽപ്പം കൊത്തിക്കൊണ്ടിരുന്നത്. ഇതേ ചോദ്യം അയാളോടും ചോദിച്ചു. കുളത്തിൽ താമര വിരിഞ്ഞു നിൽക്കുന്ന ഒരു ശിൽപ്പമാണ് ഞാൻ കൊത്തുന്നത് എങ്ങിനെയുണ്ട്, കാണാൻ നല്ല ഭംഗിയാണോ എന്നായിരുന്നു മറുപടി. അയാളുടെ മനസ്സ് സുന്ദരമായിരുന്നു. അതിനാൽ ഈ മൂന്നാമത്തെ ശിൽപ്പിക്ക് ലോകം സുന്ദരമായി അനുഭവപ്പെടുന്നു. ഈ ശിൽപ്പിയുടെ മനോഭാവമാണ് നാം മനസ്സിൽ കൊത്തിയെടുക്കേണ്ടത്. അതിനായി മനസ്സിൽ നിന്നും മാനുഷികതയ്ക്ക് വിരുദ്ധമായതെല്ലാം കൊത്തിക്കളയണം. പരസ്പരാനന്ദ ജീവിതമാണ് ദർശനം കാണുന്ന രക്ഷാമാർഗ്ഗം. ഓരോരുത്തരും ക്യാമ്പിൽ വരുമ്പോൾ ഈ ദർശനങ്ങൾ സ്വയം ഉൾക്കൊള്ളണം. ക്യാമ്പിൽ അതിനായി ഒരു അന്തരീക്ഷ സൃഷ്ടിക്ക് ശ്രമിക്കുന്നു എന്നു മാത്രം.

20-ാം തീയതി ഞായറാഴ്ച രാവിലെ 9-ന് ധന്യയിൽ നിന്നും സമ്മേളനവേദിയായ നീർക്കുന്നം സ്കൂളിലേയ്ക്ക് നടക്കാം. മാനു

ഷിക ധ്യാനത്തിലൂടെയാണ് പരിപാടികൾ ആരംഭിക്കുന്നത്. അനുസ്മരണം, പ്രഭാഷണങ്ങൾ, കുറുപ്പുസാറിന്റെ സന്ദേശങ്ങൾ എന്നിവ ഉണ്ടാകും. **വയനാട്ടിലെ ആദിവാസി ജീവിതത്തിന്റെ അനുഭവസമ്പത്തുമായി ശ്രീമതി സി.കെ.ജാനുവും നമ്മൾക്കൊപ്പമുണ്ടാകും. ഭൂമിയുടെ ആരോഗ്യമാണ് മനുഷ്യന്റെ ആരോഗ്യം എന്ന വിഷയത്തിൽ എസ്.അനിത തിരുവനന്തപുരം കാഴ്ചപ്പാടുകൾ പങ്കുവയ്ക്കുന്നു. തുടർന്ന് "രോഗങ്ങൾക്ക് അടിമപ്പെടാതെ നമുക്ക് എങ്ങനെ ഈ ഭൂമിയിൽ ആരോഗ്യത്തോടെ ജീവിക്കാം" എന്ന വിഷയത്തെക്കുറിച്ച് ഡോ. ജേക്കബ്ബ് വടക്കഞ്ചേരി ക്ലാസ്സെടുക്കുന്നു.** ആരോഗ്യമുള്ള ശരീരം പരസ്പരാനന്ദ ജീവിതത്തിലേക്കുള്ള പ്രവേശന കവാടമാണ്. 1 മണിക്ക് ഉച്ചഭക്ഷണം. ഊണു കഴിഞ്ഞ് അൽപ്പം സംഗീതം ആസ്വദിക്കാം. തുടർന്ന് ഗ്രൂപ്പ് ചർച്ചകൾക്കായി തറക്കൂട്ടങ്ങൾ കൂടുന്നു. അവിടെ പരിചയപ്പെട്ട് വിശ്വമൈത്രീഭാവന പരിശീലിക്കുന്നു. ജീവിതമാകുന്ന പോരാട്ടം, ആനന്ദപ്രദമാക്കുന്നതിനുള്ള ദർശനത്തിന്റെ മാർഗ്ഗമാണ് ഈ വിശ്വമൈത്രീഭാവന. ചർച്ചകൾക്ക് ശേഷം 4 മണിക്ക് സമാപന സമ്മേളനം. മാനുഷിക ധ്യാനം കഴിഞ്ഞ് പിരിയാം.

പ്രിയമുള്ളവരേ, ദർശനം ക്യാമ്പിലേയ്ക്ക് സ്വാഗതം ചെയ്തു കൊണ്ട് അച്ഛൻ മുൻപെഴുതിയ ഒരു ലേഖനം തുടർന്ന് വായിക്കുക

**എല്ലാവരും വേണ്ടപ്പെട്ടവരാണെന്ന് ഓരോരുത്തരും തിരിച്ചറിഞ്ഞ്, ചെറുസമൂഹങ്ങളായി അന്യോന്യജീവിതം നയിക്കുന്ന ഒരു നവലോകമാണ് ലക്ഷ്യം.**

ഈ പുതിയ ലോകത്തിന്റെ ഉറവിടം എന്റെ മനസ്സാണെന്ന സത്യം വ്യക്തികളിൽ സാവധാനം ഉണർത്തിക്കൊണ്ട് വരികയാണ് സമീപനം. അതായത്, തന്നെക്കൊണ്ട് നിറഞ്ഞുപോയ തന്റെ മനസ്സ് സാവധാനം തുറന്ന് അതിൽ മറ്റുള്ളവർക്കു കൂടിസ്ഥാനം നൽകാൻ ഓരോരുത്തരും സ്വയം സന്നദ്ധരാവുന്നതിനുതകുന്ന സമീപനരീതി കണ്ടെത്തണം. വീട്ടിലുള്ളവരുടെ നേരെ പോലും അടഞ്ഞുപോയ മനസ്സിനെ വീട്ടുകാർക്കും അയൽക്കാർക്കും തുറന്നുകൊടുക്കണം. ഉൾക്കൊള്ളുന്നതിനനുസരിച്ച് മനസ്സുവിശാലമായി വരും. ഹൃദയം വിശാലമാകുന്നതോടു കൂടി ശുദ്ധമാകും. ഹൃദയശുദ്ധി വന്നാൽ ജീവിതം ആനന്ദമാകും.

ഒരു കുടുംബക്കാർ ഒത്തുകൂടുകയാണെന്ന ബോധം ഓരോരുത്തരിലും ദീപനാളം പോലെ തെളിഞ്ഞു നിൽക്കണം. അതാവണം ക്യാമ്പിന്റെ വെട്ടം. അന്യോന്യജീവിത പരിശീല നത്തിനുള്ള വേദിയാണ് ക്യാമ്പ്. സംഘടന രൂപീകരിക്കുവാനോ പ്രമേയം പാസാക്കി ഗവൺമെന്റിലേയ്ക്ക് അയയ്ക്കാനോ അനീതിക്കെതിരായി സമരം ആസൂത്രണം ചെയ്യുവാനോ ഈ ക്യാമ്പിൽ ഉദ്ദേശ്യമില്ല. സർവ്വ അനീതികളുടെയും സ്രോതസായ അനീതി അന്യവൽക്കരണമാണെന്നറിഞ്ഞ് പരിഹാരമായി ആത്മവൽക്കരണം സ്വീകരിക്കുവാനാണ് ഈ കൂടിച്ചേരൽ. ഉള്ളിലേയ്ക്ക് തിരിയുന്ന ഒരു സമീപനരീതിയാകും ക്യാമ്പിൽ നാം സ്വീകരിക്കുക. അതിനാണ് പ്രകടനപരതകൾ വേണ്ടെന്ന് വയ്ക്കുന്നത്. എനിക്കെന്റെ കാര്യം മാത്രം എന്ന തലത്തിൽ നിന്ന് ഒന്നിച്ചുള്ള ജീവിതത്തിലേയ്ക്ക് ജീവിത വൃത്തം വിശാലമാക്കിക്കൊ ണ്ടേയിരിക്കണം. ഭൂമിക്കാരൻ എന്ന ഭാവന ഓരോ മനസ്സിലും മുളയിട്ടു വളർന്നേതീരു. സദാ അവനവനെപ്പറ്റിത്തന്നെ ചിന്തിച്ച് മുരടിച്ചുപോയ വിചാര ശൈലിയിൽ നിന്ന് മറ്റുള്ളവരെപ്പറ്റി ചിന്തിച്ചു, തളിർക്കുന്ന പുതുനാമ്പുകൾ ഓരോരുത്തരിലും വിടർന്നുവരണം. സമ്പദ്ഘടനയുടെ സ്വകാര്യമാത്ര അടിത്തറ അപരനെപ്പറ്റിയുള്ള കരുതൽകൊണ്ട് പരാർത്ഥമാകണം. പരസ്പരഭാവന വന്നാൽ സ്ഥിതി ആകെ മാറും എന്ന പ്രതീക്ഷയാണ് ദർശനത്തിനുള്ളത്. മൂന്നാം സഹസ്രാബ്ദത്തിലേയ്ക്ക് ഉള്ള ഈ സംക്രമണവേള നമ്മുടെ വർഗ്ഗത്തിന്റെ ശൈശവദശയിൽ നിന്നുള്ള മോചനമാകാ നിട വരണം എന്ന പ്രതീക്ഷയിൽ, ലോകത്തിന്റെ നാനാഭാഗങ്ങളിൽ മുളപൊട്ടുന്ന വിവധതരം വിസ്ഫോടനങ്ങളിൽ എളിയ ഒന്നാവണം നമ്മുടെ കൂടിച്ചേരൽ. നാസ്തികനും ആസ്തികനും വാദിക്കും പ്രതിക്കും സമ്പന്നനും ദരിദ്രനും-ഒരു കുടുംബക്കാർ എന്ന നിലയിൽ പൊട്ടിക്കൂടാത്ത ഒരു ബന്ധമുണ്ട്. അത് പൊട്ടിക്കാൻ ശ്രമിക്കുന്ന സാത്താന്റെ കൂടി സഹായത്തോടെ വഴി തിരിച്ച്, എലാസ്റ്റിക്കും എവർലാസ്റ്റിങ്ങുമായ സുവർണ്ണബന്ധംകൊണ്ടു കോർത്തെടുക്കുവാനുള്ള സൂക്ഷമമായ ഒരു ശ്രമമാണീ ക്യാമ്പ്. ഈ ക്യാമ്പിൽ മാർഗദർശികളായി ആരുമില്ല. നേതൃസ്ഥാനവുമില്ല. ആചാര്യനില്ല. കൂട്ടായ ഒരു ശ്രമമാണിത്.

അനുസ്മരണം

# താരയുടെ കത്ത്

പ്രിയപ്പെട്ട രാധാകൃഷ്ണൻ ചേട്ടന്,

കഴിഞ്ഞ ലക്കത്തിലെ കുറുപ്പുസാറിന്റെ നിലപാടു തറ വായിച്ചിട്ട് എനിക്ക് അദ്ഭുതം തോന്നുകയാണ്. അതിലൂടെ എന്റെ നിലപാടുതറ ഞാനറിയുന്നു. എന്നാൽ കുറുപ്പുസാറിന്റെ നിലപാടു തറ എത്രയോ ഉയരത്തിലാണ്. അവിടെ നിന്നാണ് അദ്ദേഹം നമ്മെയെല്ലാം അങ്ങോട്ട് ക്ഷണിക്കുന്നത്. എങ്ങനെ കയറിപ്പറ്റും, സാറിന്റെ ഒത്തിരി യോഗങ്ങളിൽ ഞാൻ പങ്കെടുത്തിട്ടുണ്ട്. എത്ര വ്യക്തതയോടെയാണ് ആശയങ്ങൾ വിശദീകരിക്കുന്നത്. ചിലപ്പോൾ വലിയ വിമർശനങ്ങളും ഉണ്ടാകും. ഞാൻ അപ്പോൾ അതിന്റെ മറുപടിക്കായി കാത്തിരിക്കും. പെട്ടെന്നൊന്നും പ്രതികരിക്കുകയില്ല. വിമർശകൻ മുഴുവനും പറഞ്ഞതിനു ശേഷം പതുക്കെ പുഞ്ചിരിച്ചുകൊണ്ട് വിമർശകനെ അംഗീകരിച്ച് അതിലെ നന്മയുടെ അംശങ്ങളെ തൊട്ടുണർത്തി തന്റെ കാഴ്ചപ്പാട് വ്യക്തമാക്കുമ്പോൾ വാദപ്രതിവാദങ്ങളില്ലാതെ സുഖമായി അത് പര്യവസാനിക്കുന്നു. ചേട്ടന് അറിയാമല്ലോ ഞങ്ങളുടെ വീട്ടിൽ ഇടയ്ക്കിടയ്ക്ക് സാർ വരാറുണ്ടായിരുന്നു. സാർ വരുന്നത് വീട്ടിൽ എല്ലാവർക്കും വലിയ സന്തോഷമാണ്. സാന്നിദ്ധ്യം, സംസാരം, ആ ചിരി എല്ലാം തന്നെ മംഗളകാരിയായിരുന്നു. നാമെല്ലാം ഒത്തൊരുമയോടെ സന്തോഷമായി ജീവിക്കണമെന്ന ഒരേയൊരു സന്ദേശം പകർന്നു കൊണ്ട് എത്രയെത്ര യോഗങ്ങളും, ഭവന സന്ദർശനങ്ങളുമാണ് സാർ നടത്തിയിട്ടുള്ളത്. ജീവിതം മുഴുവൻ നിരന്തരമായ പരിശ്രമമല്ലായിരുന്നോ? നമ്മുടെ നാട്ടുകാർ സാറിന്റെ ആശയങ്ങളും, മാനുഷിക ധ്യാനവും, അയൽക്കൂട്ടവും സ്വീകരിച്ചിരുന്നുവെങ്കിൽ നമ്മുടെ നാടെത്ര സ്വർഗ്ഗമാകുമായിരുന്നു. സാർ കയറാത്ത വീടുകൾ ഈ നാട്ടിലുണ്ടോ. എത്രയെത്ര യോഗങ്ങൾ, ക്ലാസ്സുകൾ, നമ്മുടെ നാടെന്താണ് ഉണരാത്തത്. പട്ടിണി പണ്ടേ പോലെ ഇല്ല, പക്ഷേ സംസ്കാരം നശിക്കുകയാണ്. എല്ലാവർക്കും അവനവന്റെ കാര്യം, ദുഃഖിക്കുന്നവന്റെ വേദനയിൽ പങ്കുചേരാൻ മനസ്സുള്ളവർ വളരെ കുറവാണ്. കുറുപ്പുസാറിന്റെ മഹത്വം സാർ സാന്ത്വനവുമായി ദുഖി

തരോടൊപ്പം ഉണ്ടാവും എന്നുള്ളതാണ്. സാറിന്റെ നിലപാടു തറയിൽ ബന്ധുക്കളല്ലാതെ ഈ ഭൂമിയിൽ ആരും ഇല്ലല്ലോ.

നമ്മുടെ കുട്ടികളൊക്കെ മൈത്രീഭാവന ശീലിച്ചിരുന്നുവെങ്കിൽ അടുത്ത തലമുറ രക്ഷപെടുമായിരുന്നു. അമ്മച്ചി (യശഃശരീരയായ നാണിക്കുട്ടിയമ്മസാർ സാറിന്റെ സഹഅധ്യാപിക) പറഞ്ഞ് ഒരു സംഭവം കേട്ടിട്ടുണ്ട്. ഒരിക്കൽ ക്ലാസ്സിലിരുന്നുറങ്ങിയ ഒരു കുട്ടിയെ ആ ബെഞ്ചിൽതന്നെ പുസ്തകം എടുത്ത് തലയിണയാക്കി വെച്ചുകൊടുത്ത് ഉറക്കി. ആ ബെഞ്ചിലെ കുട്ടികളെ മറ്റ് സ്ഥലത്തേയ്ക്ക് മാറ്റി ഇരുത്തി. തന്റെ ക്ലാസ്സ് കഴിഞ്ഞ് പോകുമ്പോൾ ആ കുട്ടിയെ ആരും ഉണർത്തരുതെന്ന് പറഞ്ഞിട്ടാണ് പോയത്. വിഷയം അന്ന് സ്റ്റാഫ് റൂമിൽ ചർച്ചയ്ക്ക് വന്നു, ആരും ഈ നടപടിയോട് യോജിച്ചില്ല. എന്നാൽപിന്നെ സാർ ക്ലാസ്സിൽ ഒരു തൊട്ടിൽ കൂടി കെട്ടിയിടുക, ഉറങ്ങുന്ന കുട്ടികളെ അതിൽ കിടത്തി താരാട്ടു പാടാം എന്നു വരെ തമാശയായിട്ട് പറഞ്ഞു. കുറുപ്പ് സാറിന് ഇതൊന്നും കേട്ടിട്ട് ഒരു കുലുക്കവുമില്ല. മറുപടിയ്ക്കായി നിർബന്ധിച്ചപ്പോൾ തന്റെ ഡയറി എടുത്തു അതിൽ ക്ലാസ്സിലെ കുട്ടികളുടെ പേരും, കുടുംബ പശ്ചാത്തലവും ഓരോ പേജിലായി കുറിച്ചിട്ടുണ്ട്. കുട്ടികളുടെ വീടുകളിൽ കയറിയിറങ്ങിയാണ് ഇത് തയ്യാറാക്കിയിട്ടുള്ളത്. അതിൽ ഇപ്പോൾ ഈ ക്ലാസ്സിലിരുന്നുറങ്ങിയ മാത്യൂസും ഉണ്ട്. അവന്റെ അച്ഛൻ രാത്രി തവള പിടിച്ചാണ് കുടുംബം പോറ്റിയിരുന്നത്. തവളയെ ഇടുന്ന ചാക്ക് ചുമക്കേണ്ടത് ഈ മോനും. പുലരാറാകുമ്പോഴാണ് ചിലപ്പോൾ മടങ്ങി വരുന്നത് അങ്ങിനെയുള്ള ദിവസമാണ് കുട്ടി ഉറങ്ങിപ്പോകുന്നത്. അതിന് അവനെ പിടിച്ച് തല്ലിയിട്ട് എന്ത് കാര്യം. ഒന്നോ, രണ്ടോ പീരിയഡ് ഉറങ്ങാൻ അനുവദിച്ചാൽ ബാക്കി സമയം പഠിക്കാമല്ലോ, സാറിന്റെ വിശദീകരണത്തോടെ രംഗം ശാന്തമായി. അധ്യാപകരുടെ സംശയം മാറി ആ കുട്ടിയോട് തോന്നിയ ദേഷ്യം വാത്സല്യമായി പരിണമിച്ചു.

സാർ എല്ലാവരേയും സ്നേഹിച്ചു, അവരുടെ തലത്തിലേയ്ക്ക് ഇറങ്ങിച്ചെന്ന് കൈപിടിച്ച് ഉയർത്തുവാൻ ശ്രമിച്ചു. ലോകമാകെ ഒന്നായി കണ്ട് രക്ഷാമാർഗ്ഗങ്ങൾ കണ്ടെത്തി സമൂഹത്തിന് വഴികാട്ടിയായി, ഇന്നിപ്പോൾ സാറിന്റെ അയൽക്കൂട്ട പദ്ധതി നാടാകെ പ്രചരിച്ചിട്ടുണ്ടല്ലോ. അതുപോലെ എന്നെങ്കിലും സാറിന്റെ

ചിന്തകളും പൂവണിയും എന്ന് പ്രതീക്ഷിക്കാം.

പക്ഷേ, ചേട്ടാ ദർശനം "സീത"യെ മറക്കരുത്. കുറുപ്പുസാറിന്റെ ഈ പ്രവർത്തനങ്ങളൊക്കെ നടന്നത് വീട്ടിൽ രാധച്ചേച്ചി ഉണ്ടായിരുന്നത് കൊണ്ടാണ്. അവധിയില്ലാത്ത സാമൂഹിക പ്രവർത്തകയായിരുന്നു രാധച്ചേച്ചി. എപ്പോഴും അതിഥികളുള്ള വീട്, പ്രസന്നതയോടെ എല്ലാവരേയും സ്വീകരിച്ച് ഭക്ഷണം വെച്ചു വിളമ്പി, സാറിന്റെ കൈത്താങ്ങായി നിന്നു. കുടുംബ ബജറ്റൊക്കെ രാധച്ചേച്ചി എങ്ങനെ കൈകാര്യം ചെയ്തു എന്ന് ഞാൻ അതിശയത്തോടെ ഓർത്തിരുന്നു. അസാധാരണ വ്യക്തികളോടൊപ്പമുള്ള സാധാരണ മനുഷ്യരുടെ ജീവിതം അത്ര സുഖപ്രദമല്ല, വളരെ കഷ്ടപ്പെടേണ്ടിവരും. രാധച്ചേച്ചിയും, അമ്മയും ഒരുപാട് പാടുപെട്ടിട്ടുണ്ട്.

ദർശനം തുടരുന്നതിന് ഒരു പ്രയാസം കഴിഞ്ഞ ലക്കത്തിൽ ചേട്ടൻ സൂചിപ്പിച്ചിരുന്നു. ഇടയ്ക്ക് ഒന്ന് മുടങ്ങിയാലും, നിർത്തരുത്. ദർശനം വരുമ്പോൾ സാർ വീട്ടിലേയ്ക്ക് വരുന്ന ഒരു പ്രതീതി ഉണ്ടാകും. ഞാൻ എന്തൊക്കെയോ എന്റെ മനസ്സിൽ വന്നത് എഴുതി, അത് ചേട്ടനെ ബോറടിപ്പിച്ചോ.

**താര, അമ്പലപ്പുഴ**
9895720497

പ്രിയ ഡോക്ടർ,

ക്ഷേമം, ദർശനം പതിവായി കിട്ടുന്നുണ്ട്. താങ്കളുടെ അച്ഛനുള്ള കാലം തൊട്ടേ അയച്ചു കിട്ടുന്ന ദർശനം ഞാൻ പതിവായി വായിച്ചു പോരുന്നു. അവ പങ്കിട്ടു തരുന്ന ഉൾക്കാഴ്ചകളും, അവിടെ നടക്കുന്ന ബന്ധുത്വ സംസ്കാരം ഊട്ടിയുറപ്പിക്കാനുള്ള പരിശ്രമങ്ങളെപ്പറ്റിയുള്ള വാർത്തകളും അങ്ങേയറ്റം പ്രയോജനകരമാണ്. കുറുപ്പു മാസ്റ്ററുടെ പാരമ്പര്യം ഡോക്ടറെപ്പോലെയുള്ള കുറേ മനുഷ്യസ്നേഹികളുടെ പ്രയത്നത്തിലൂടെ ജ്വലിച്ചു നില്ക്കുന്നത് ആഹ്ലാദകരമായ ഒരു അനുഭവമാണ്. ഗാന്ധിയൻ ദർശനങ്ങളുടെ അന്തഃസത്ത ഉൾക്കൊണ്ടുള്ള കുറുപ്പു സാറിന്റെ ജ്ഞാനാന്വേഷണങ്ങളോടും, പ്രായോഗിക പ്രവർത്തനങ്ങളോടും എനിക്കുള്ള മതിപ്പും, ആദരവും നിസ്സീമമാണ്. രാജ്യസ്നേഹിയായ ഒരു ഗ്രാമീണ ഭാരതീയൻ എങ്ങനെയാണ് ജീവിക്കേണ്ടത്, പ്രവർത്തി

ക്കേണ്ടതെന്നുമാണ് സ്വജീവിതം കൊണ്ട് കാണിച്ചു തന്ന കുറുപ്പ് മാസ്റ്ററുടെ വിശിഷ്ട സന്ദേശം വ്യാപിപ്പിക്കാൻ ദർശനങ്ങൾക്ക് കഴിയട്ടെ.

സ്നേഹാദരം

**പി. ഇന്ദുശേഖരൻ,** വിഷ്ടാസ്
നാരായണ നിവാസ്, ഇരിങ്ങാലക്കുട

# ഉത്തരാഖണ്ഡ് ദർശനം - 10

**ചന്ദ്രൻ പുറക്കാട്.** ഫോൺ : 9446327525

കല, ചരിത്രം, പുരാണം, സംസ്കാരം എന്നിവയ്ക്ക് കാശി ചെയ്ത സംഭാവനകൾ എത്രയെന്ന് എണ്ണിയെണ്ണിപ്പറയുക അസ്സാദ്ധ്യം. ഒരു രാജ്യത്തിന്റെ ചരിത്രം പറയുമ്പോൾ അവ അനുവാചകന്റെ മനസ്സിലേയ്ക്ക് തിരതല്ലിയെത്തും. നമ്മുടെ ചരിത്രങ്ങളുടെയെല്ലാം വേരുകൾ ആഴ്ന്നിറങ്ങിയിരിക്കുന്നത് മഹാഭാരതത്തിലാണ്. അതിനെ പരാമർശിക്കാതെ കടന്നു പോയാൽ സ്വസ്ഥത ദർശിക്കാൻ കഴിയില്ല.

വ്യാസമഹർഷിയുടെ മനോമുകുരത്തിൽ നിറഞ്ഞു വന്ന ഭാരതദർശനമാണ് മഹാഭാരതകഥ. ഒരു കുടുംബബന്ധത്തിന്റെയും, ചരിത്രത്തിന്റെയും പൊന്നിഴകളാൽ ബന്ധിക്കപ്പെട്ടതാണ് ആ ചരിതം. എത്ര വിഭജനം വന്നാലും അതിന്റെ ആത്മസത്ത ഓരോ ബന്ധനങ്ങളിലും ചരിത്രത്തിന്റെ മുഖരേഖപോലെ പ്രോജ്ജ്വലിച്ചു നിൽക്കും. കാലപ്രവാഹത്തിൽ അകന്നകന്നു പോയ ഒരു കുടുംബകഥയാണ് മഹാഭാരതം. മനുഷ്യമനസ്സിലെ സങ്കീർണ്ണതകൾ പോലെയും, അഴിയാക്കുരുക്കുകൾ പോലെയും ഈ കഥയിലും നമ്മെ നിമ്നോന്നത തലങ്ങളിലെത്തിക്കുന്ന ഭാവനസങ്കൽപ്പങ്ങൾ. മനുഷ്യമനസ്സിന്റെ ക്ഷുദ്രവാസനകൾ, ശീലങ്ങൾ എല്ലാം ഇതിൽ അടങ്ങിയിരിക്കുന്നു. എത്ര കണ്ടാലും, ഏത്ര കേട്ടാലും അത്ഭുതപരതന്ത്രരായി മനുഷ്യൻ നിന്നും പോകുന്ന അവസ്ഥാന്തരങ്ങൾ നാമിവിടെ കാണുന്നു. എന്താണു ഭാരതം, എന്താണ് ഭാരതീയത, എല്ലാം ഇതിലുണ്ട്. ഭാരതീയ വൈയാകരണന്മാർ പലരും ഇതിനെ നിർദ്ധാരണം ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്. അക്കൂട്ടത്തിൽ ആധുനിക കാലത്തെ

ചിന്തകരിൽ, പ്രതിഭകളിൽ ഒരാളായിരുന്നു ഭാരതപര്യടനം നടത്തിയ കുട്ടികൃഷ്ണമാരാർ. നാം പലപ്പോഴും കണ്ടുമുട്ടിയ കഥാപാത്ര ങ്ങൾക്ക് ജീവൻ തുടിക്കുന്ന പുതുമുഖം നൽകിയ നവോത്ഥാന ദാർശനിക പ്രതിഭയായിരുന്നു അദ്ദേഹം. എല്ലാം മഹാഭാരതത്തി ലുള്ളതു തന്നെയാണ് അദ്ദേഹവും പറഞ്ഞു തന്നത്. പറയാതിരു ന്നെങ്കിൽ നമുക്കു നഷ്ടമാകുമായിരുന്നതാണ് ആ കലാകുസുമ ദർശനം.

കാളിദാസനും, വേദവ്യാസനും, ഭവഭൂതിയും, ഭർതൃഹരി യുമെല്ലാം ഈ തീരങ്ങളിൽ തമ്പടിച്ചു വളർന്ന ഋഷീശ്വരന്മാരാണ്. അവരുടെ ആത്മനിമന്ത്രണങ്ങൾ ഇന്നും ഈ വേദഭൂമിയുടെ ധന്യ തപാവനഭൂമികയാക്കി വളർത്തുന്നു. വിശുദ്ധിയുടെ വിശ്രാന്തതീര ങ്ങളായി ഇന്നും ഹിമാലയത്തെ നിലനിർത്തുന്നത് പുണ്യനദിയായ ഗംഗാമാതാവാണ്. ലോകത്ത് ഒരു പ്രദേശത്തിനും അവകാശപ്പെ ടാനില്ലാത്ത വിശുദ്ധിയാണ് ഗംഗയ്ക്കുള്ളത്. മാലിന്യം എന്തെന്ന് അവൾ അറിഞ്ഞിട്ടില്ല, കേട്ടിട്ടില്ല. രാമനും, ലക്ഷ്മണനും, കൃഷ്ണനും, ഗോപികമാരും ഈ തീരങ്ങളുടെ വിശുദ്ധിയിൽ മുഴുകി നിന്നവരാണ്. ഗംഗാനദിയുടെ വിശുദ്ധി ഇന്നും ഡൽഹിവരെയെ ങ്കിലും നമുക്കു കാണാൻ കഴിയും. അതു കഴിയുമ്പോൾ മനുഷ്യാ ധിവാസത്തിന്റെ മാലിന്യജാലകം ഗംഗയിലേയ്ക്ക് തുറക്കപ്പെടുന്നു. ഇന്ന് ഋഷിവാടങ്ങൾ പോലും വിഷബാധയിൽ തളർന്നുറങ്ങുന്നു, നമുക്ക് ഈ അമ്മ ഗംഗയെ പരിരക്ഷിക്കണമെങ്കിൽ നമ്മുടെ ശീല ങ്ങളും, അനുഷ്ഠാനങ്ങളും മാറ്റിയെടുക്കണം. ചോദിക്കുന്ന വര ങ്ങൾ നൽകുന്നവളായിരുന്നു ഈ ഗംഗ. ആകാശത്തു നിന്നും വന്ന വളായതുകൊണ്ടത്രെ ആദികാലത്ത് ഇവൾക്ക് ആകാശഗംഗ എന്ന പേരു വന്നത്.

ഭരതരാജകുമാരന്റെ തപസ്സിൽ പ്രസാദിച്ചാണ് ആകാശഗംഗ ഭൂമിയിൽ പതിച്ചതെന്നാണ് ഐതിഹ്യം. മഴയില്ലാതെ ഉണങ്ങിവ രണ്ട ഭൂമി വീണ്ടും നീരണിയാനും പിതൃശുദ്ധിക്കുമായും ഭഗീര ഥൻ ഹിമാലയത്തിൽ പോയി തപസ്സനുഷ്ഠിച്ചുവെന്നും, ശിവപ്രസാ ദത്തിൽ ഗംഗാനദി ഭൂമിയിൽ പതിച്ചുവെന്നും പുരാണകഥ. ഭഗീര ഥപ്രയത്നത്തിന്റെ മഹനീയത ഒരു തരിശു ഭൂമിയെ തളിരിണിയിച്ച കഥ നമുക്ക് ലഭിച്ചത് ഗംഗാമാതാവിലൂടെയാണ്. ജലം സൃഷ്ടിയുടെ

മാതാവുമാണെന്നു നാം ഇവിടെ പഠിക്കുന്നു. രാജ്യത്തിനു പുഷ്ടി യും,തുഷ്ടിയുമേകുന്ന പുണ്യനദികൾ ഹിമാലയകിരണങ്ങൾ വേദ പാഠങ്ങളും പഠിപ്പിക്കുന്നു. ഋഷികേശും, ഹരിദ്വാരവുമെല്ലാം ഈ പുണ്യനദീതീരങ്ങളിലാണല്ലോ യുഗാന്തരങ്ങളായി നിലനിൽക്കുന്ന ത്. ഉത്തരകാശിയിലെ സ്ഥലനാമങ്ങൾ പലതും നമ്മുടെ ചരിത്ര ബോധത്തെ തളിരണിയിക്കുന്നു. വാരണാവതം, ബർത്താവ എന്നിവയെല്ലാം ഉത്തരാഖണ്ഡിൽപ്പെട്ടവ തന്നെ.

പാണ്ഡവരെ തളർത്താതെ തന്റെ സാമ്രാജ്യസ്ഥാപനം നട ക്കില്ല എന്നു കരുതിയ ദുര്യോധനൻ അതിനായി പിതാവായ ധൃത രാഷ്ട്രരെ സ്വാധീനിച്ചു. വാരണാവതത്തിന്റെ മനോഹാരിതയും, കാർഷിക സമൃദ്ധിയും ധൃതരാഷ്ട്രർ ഇതിനായി പാണ്ഡവരെ പറഞ്ഞു കേൾപ്പിച്ചു. ഇതു വിശ്വസിച്ച് അവർ കുന്തിയോടൊപ്പം അങ്ങോട്ടുപോയി. ദുര്യോധനൻ പാണ്ഡവർക്ക് താമസിക്കാൻ അവിടെ അരക്ക്, ഗന്ധകം എന്നിവ ഉപയോഗിച്ചും, തീ വേഗം പട രുന്ന തടികൾ കൊണ്ടും ഒരു അരക്കില്ലം – രമ്യഹർമ്മ്യം പണിയി ച്ചു. ഈ കുടിലതന്ത്രം അറിഞ്ഞ വിദുരർ യഥാസമയം അവരെ വിവരം അറിയിച്ചു. അതീവരഹസ്യമായി തന്നെ പാണ്ഡവർ അര ക്കില്ലത്തിൽ നിന്നും വനാന്തർഭാഗത്തേക്ക് ഒരു രഹസ്യപാത നിർമ്മി ച്ചു. എല്ലാവരും ഉറക്കമായി എന്നു തോന്നിയ സമയത്തു തന്നെ ഇല്ലം വെന്തുവെണ്ണീറായി. വഴിപോക്കരായി വന്ന സഞ്ചാരികൾ അന്നു രാത്രിയിൽ അവിടെ തമ്പടിച്ചിരുന്നു. അവർ മയക്കമായതു കൊണ്ട് പാണ്ഡവരെന്നു കരുതി അരക്കില്ലത്തിനു കൗരവകിങ്കര ന്മാർ തീവെയ്ക്കുകയായിരുന്നു. അതിനു മുമ്പു തന്നെ വിധിമതം കൊണ്ട് പാണ്ഡവർ ഗുഹാമാർഗ്ഗേണ രക്ഷപ്പെട്ടിരുന്നു. യു.പി.യിലെ മീററ്റിനടുത്ത് ബർത്താവ എന്ന സ്ഥലത്താണ് ഈ ബർത്തവ എന്ന ഗ്രാമം സ്ഥിതി ചെയ്യുന്നത്. മീററ്റിലെ മഞ്ഞുമൂടിയ ഈ ഗ്രാമം ഇന്നും ഒരു ഓർമ്മത്തെറ്റു പോലെ കാലത്തെ തുറിച്ചു നോക്കുന്നു.

അരക്കില്ലത്തിൽ നിന്നും രക്ഷപെട്ടു ഗുഹാമാർഗ്ഗത്തിലൂടെ പാണ്ഡവന്മാരും, മാതാവും ചെന്നെത്തിയത് ഏകചക്ര എന്ന കാർഷിക ഗ്രാമത്തിൽ. അവിടെ പശു വളർത്തൽ പൈതൃക തൊഴി ലായി സ്വീകരിച്ച ഒരു ബ്രാഹ്മണ കുടുംബത്തിൽ അവർ അഭയം തേടി. അൽപ്പ ദിവസങ്ങൾക്കുള്ളിൽ ആ കുടുംബത്തേയും ഗൃഹ പ്പിഴ ബാധിച്ചു. അവർ കൂട്ടക്കരച്ചിൽ ആരംഭിച്ചു. കാരണം അന്വേ

ഷിച്ചപ്പോൾ ആ കുടുംബത്തിലെ ഏക പുത്രൻ ബകൻ എന്ന രാക്ഷസന്റെ അന്നത്തെ ഭക്ഷണത്തിന് ഇരയാകേണ്ട ദിവസമാണതെന്നറിഞ്ഞു. കുന്തിയും, പാണ്ഡവസഹോദരന്മാരും കൂടിയാലോചിച്ചു ബ്രാഹ്മണ കുടുംബത്തെ രക്ഷപ്പെടുത്താൻ തീരുമാനിച്ചു.

ബകൻ എല്ലാ കുടുംബത്തേയും ആക്രമിക്കാതിരിക്കാൻ ഓരോ ദിവസവും ഓരോ കുടുംബത്തിൽ നിന്നും ഒരാൾ വീതം ബകനു ഭക്ഷണമാവാൻ നാട്ടുകാർ തീരുമാനിച്ചു. ആ ദിവസത്തെ ഇരയായി ഭീമൻ തന്നെ പോയി. ബ്രാഹ്മണകുടുംബം സമ്മതിച്ചില്ലെങ്കിലും കുന്തി തന്റെ അഞ്ചു മക്കളിൽ ഒരാൾ പോവട്ടെ എന്നു കരുതി. ചോറും കറികളും, കാളവണ്ടിയിൽ കയറ്റി ഭീമൻ തന്നെ ബകരാക്ഷസന്റെ മുന്നിലേക്കു യാത്ര ചെയ്തു. ബകന്റെ മുന്നിൽ വെച്ചു തന്നെ വൃകോദരൻ അവന്റെ ഭക്ഷണം ആർത്തിയോടെ വാരിക്കഴിച്ചു. ബകൻ ഓടി വന്നു ഭീമനുമായി ഏറ്റുമുട്ടി. വൃകോദരൻ എന്ന ഭീമസേനൻ ഏറ്റുമുട്ടലിൽ ബകന്റെ കഥ കഴിച്ചു. അതോടെ സാധു ബ്രാഹ്മണകുടുംബവും, നാടും ബകബാധയിൽ നിന്നു രക്ഷപ്പെട്ടു. പാണ്ഡവ ശക്തിയാണ് ബകന്റെ കഥ കഴിച്ചതെന്ന വാർത്ത രാജധാനിവരെ ചെന്നെത്തിയപ്പോൾ ദുര്യോധനാദികൾ വീണ്ടും ആശങ്കയിലായി. ശകുനിയുടെ നേതൃത്വത്തിൽ വീണ്ടും തന്ത്രങ്ങൾക്ക് കളമൊരുങ്ങി. പാണ്ഡവരുടെ വംശനാശത്തിനുതന്നെ ആ കുടില തന്ത്രജ്ഞർ കളമൊരുക്കി കാത്തിരിക്കാൻ തുടങ്ങി. അനുനയങ്ങൾക്കു പകരം വക്രബുദ്ധികൾ അവരുടെ തന്നെ വംശനാശത്തിനു കുഴിതോണ്ടൽ ആരംഭിച്ചു.

ഉത്തരകാശിയിലെ അവധൂത് ആശ്രമത്തിൽ നിന്നും രാവിലെ അഞ്ചുമണിക്ക് ഞങ്ങൾ യാത്ര ആരംഭിക്കാനിരിക്കുമ്പോൾ മഴപെയ്യുന്നുണ്ടായിരുന്നു. അവധൂത് ആശ്രമം പോലെ പല ആശ്രമങ്ങളും സുകൃതികളായ പല സുഹൃത്തുക്കളും അവടെ പണികഴിപ്പിച്ചിട്ടുണ്ട്. അവിടെയെല്ലാം യാത്രികരായി വരുന്ന തീർത്ഥാടകർക്കു താമസിക്കുവാൻ കഴിയും. ചിലയിടങ്ങളിൽ ചെറിയ ഫീസ് വസൂലാക്കിക്കൊണ്ട് ആവശ്യാനുസരണം അവർ പണിതിട്ടിരിക്കുന്ന ആശ്രമങ്ങൾ ഉപയോഗിക്കാൻ കഴിയും. ഇന്ത്യയുടെ പലഭാഗത്തു നിന്നുമുള്ള ട്രസ്റ്റുകളുടെ സംഭാവനകളും ഇക്കൂട്ടത്തിലുണ്ട്. പഴയകാലങ്ങളിൽ ഇത്തരം മന്ദിരങ്ങളിലാണ് തീർത്ഥാടകർ നിവസിച്ചി

രുന്നതെന്ന് അവരെഴുതിയ ഓർമ്മക്കുറിപ്പുകളിൽ പറയുന്നു. ഭക്ഷണവും, താമസവും രോഗികൾക്കുള്ള പരിചരണവും അക്കാലങ്ങളിൽ അവധൂത് ആശ്രമങ്ങളിൽ ലഭ്യമായിരുന്നു. ശ്രീശങ്കരാചാര്യർ പോലും അക്കാലങ്ങളിൽ ഇതുപോലെയുള്ള സേവന പ്രവർത്തനങ്ങളിൽ ഉത്സുകനായിരുന്നുവെന്ന് നമുക്ക് യാത്രയിൽ ബോദ്ധ്യപ്പെടും.

# കൊച്ചുവർത്തമാനങ്ങൾ

## പൊളിക്കൂലി വേണ്ട

വീട്ടിലൊരു ഗ്രൈൻഡർ ഉണ്ടെങ്കിലും മിക്സിയിലാണ് അരിയും ഉഴുന്നും ആട്ടുന്നത്. ഊണു മുറിയിൽ വർഷങ്ങളായി പഴയ ഗ്രൈൻഡർ ഞങ്ങളെ നോക്കിയിരുന്ന് സ്ഥലം മിനക്കെടുത്തുന്നു. എന്നെ എന്തിനാണ് ഇവിടെ ഇരുത്തിയിരിക്കുന്നത് എന്നാണ് ചോദ്യം. എന്നാൽ പിന്നെ കൊടുത്തേക്കാം. പക്ഷേ ആരു വാങ്ങാനാണ്, ഗത്യന്തരമില്ലാതെ ആക്രിക്കാർക്ക് കൊടുക്കാം എന്ന് തീരുമാനിച്ചു. ഒരാൾ വന്ന് 650 രൂപ പറഞ്ഞു, ലത അത് അംഗീകരിച്ചു. ഇതൊക്കെ അവളുടെ വകുപ്പാണ്. അടുത്തയാഴ്ച വന്ന് എടുത്തോളാമെന്ന് പറഞ്ഞ് അയാൾ പോയി. അടുത്ത ദിവസം ഗ്രൈൻഡർ കൊടുക്കാനുണ്ടെന്നറിഞ്ഞ് മറ്റൊരാൾ വന്ന് 1000 രൂപ പറഞ്ഞുവെങ്കിലും കൊടുക്കാനായില്ല. വാക്കു പറഞ്ഞിരുന്നയാൾ യഥാസമയം വന്നു, ഗ്രൈൻഡർ പുറത്തെടുത്തു വെച്ച് അതിന്റെ ഫ്രെയിം പൊളിച്ചു മാറ്റി. അവർക്ക് അതിന്റെ മോട്ടോറും, ഇരുമ്പും മാത്രം മതി. ഞാൻ ഡിസ്പെൻസറിയിൽ മരുന്ന് കൊടുത്തുകൊണ്ടിരിക്കെ പൊളിക്കുന്ന ശബ്ദം കേൾക്കാം. കുറച്ച് കഴിഞ്ഞപ്പോൾ ശബ്ദം മാറി എന്തോ ബഹളമായി, ലതയും, ആക്രിക്കാരനും തമ്മിലാണ് പ്രശ്നം. 650 രൂപയ്ക്ക് സമ്മതിച്ച ഗ്രൈൻഡർ പൊളിച്ചിട്ടിട്ട് 450 രൂപയാണ് ലതയ്ക്ക് കൊടുത്തത്. അയാളുടെ കയ്യിൽ അത്രയേ ഉള്ളൂ. ബാക്കി പിന്നെത്തരാം, അവൾ പണം തിരികെ കൊടുത്തു തർക്കമായി ആക്രിക്കാരൻ അയാളുടെ ദാരിദ്ര്യം പറയാൻ തുടങ്ങി. എങ്കിൽ ഗ്രൈൻഡർ പൊളിക്കും മുമ്പ് അത് പറയണമായിരുന്നെന്ന് ലതയും, ഞാൻ കുഴങ്ങി, അയാളോട് പറഞ്ഞു.നിങ്ങൾക്കിത് വേണമെങ്കിൽ വെറുതെ തരുമായിരുന്നല്ലോ, പേപ്പറൊക്കെ ഞാൻ

തന്നിട്ടില്ലെ. പക്ഷേ വില പറഞ്ഞ് വാക്കുറപ്പിച്ച ശേഷം ഗ്രൈൻഡർ പൊളിച്ചിട്ട് പണമില്ലെന്ന് പറയുന്നതിന്റെ പേര് ചതി എന്നാണ്. ഇത് അംഗീകരിക്കാനാവില്ല. അപ്പോൾ അയാൾ പറഞ്ഞു, സാറെ ഈ ഗ്രൈൻഡർ പൊളിച്ച് മോട്ടോർ എടുക്കുന്നതിന്റെ പണിക്കൂലി 200 രൂപ വരും. ഞാൻ അത് ഉപേക്ഷിച്ചിരിക്കുന്നു എനിക്ക് പൊളിക്കൂലി വേണ്ട സാർ ഇത് ആർക്കെങ്കിലും കൊടുത്തോ ഞാൻ പോകുന്നു. താൻ പൊയ്ക്കോ ഇത് എന്തായാലും തനിക്ക് തരില്ലെന്ന് ലതയും, ഞാൻ വീണ്ടും കുഴങ്ങി. ഇതാ ഞങ്ങളുടെ ഒന്നാന്തരം ഗ്രൈൻഡർ തല്ലിപ്പൊളിച്ചിട്ടിരിക്കുന്നു. കുറേ പ്രശ്നങ്ങളും, ഇനിയെന്ത് ചെയ്യും?

ഞാൻ ഈ വിദ്വാനെ ശരിക്കൊന്ന് നോക്കിക്കണ്ടു. അറുപത് കഴിഞ്ഞ പ്രായം, ദാരിദ്ര്യം വിളിച്ചറിയിക്കുന്ന ക്ഷീണിതമായ മുഖം, ഉദരനിമിത്തം ബഹുകൃത വേഷം. അറിവില്ലായ്മ കൊണ്ട് പണമുണ്ടാക്കാൻ പല തന്ത്രം നോക്കുന്നു. അറിവുണ്ടെന്ന് കരുതുന്ന ഞാൻ അയാളോട് 200 രൂപയ്ക്ക് വഴക്കടിക്കുന്നത് ശരിയാണോ?, വഴക്കടിച്ചാൽ എന്റെ സ്വസ്ഥത നഷ്ടമാകില്ലെ. 200 രൂപ കൊടുത്താൽ സ്വസ്ഥത കിട്ടുമോ? ആ പാവത്തിന് ഇങ്ങനെയൊക്കെ പെരുമാറാനേ അറിയൂ. ഏതായാലും ധനത്തിലും, അറിവിലും അയാൾ ദരിദ്രനാണ്, എങ്കിലും തന്ത്രത്തിൽ മുന്നിൽ. നമ്മളെ സ്വർണ്ണക്കടയിലും, ആശുപത്രികളിലും, തുണിക്കടകളിലും ഒക്കെ എത്രയോ പേർ ദിവസവും പറ്റിക്കുന്നുണ്ട്. അപ്പോഴൊന്നും ധാർമ്മിക രോഷം ഉണ്ടാകുന്നില്ലല്ലോ. ഈ സാധുവിന്റെ നേർക്കാണ് രോഷം പ്രകടിപ്പിക്കുന്നത്. കാരണം അയാൾ ഒരു പോലീസ് ഇൻസ്പെക്ടറല്ല, എനിക്ക് പേടിക്കാനില്ല. ആരുടെയെങ്കിലും കുറ്റം കണ്ടാൽ രോഷപ്രകടനത്തിന് മനുഷ്യന് പിന്നെ താമസമില്ല. ക്ഷമിക്കാൻ അവസരം കിട്ടിയാൽ അത് പാഴാക്കുകയാണ്. സ്വന്തം കുറ്റങ്ങൾ കാണാൻ കണ്ണില്ല. സത്യം പറയാമല്ലോ, ഈ വക ചിന്തകളോടെ അയാളുടെ മുഖത്ത് നോക്കിയപ്പോൾ കാരുണ്യമാണ് തോന്നിയത്. ദരിദ്രനായ അയാളെ ഞാൻ മുതലാളി എന്ന് വിളിച്ചു. ഇരിക്കാൻ പറഞ്ഞു, ലതയെ അടുക്കളയിലേയ്ക്ക് വിളിച്ച് എന്റെ ചിന്തകൾ കൈമാറി. ഒന്ന് ദേഷ്യപ്പെട്ടെങ്കിലും എല്ലാവരും ജഗദീശ്വരന്റെ സൃഷ്ടിയാണെന്ന് പറഞ്ഞപ്പോൾ അവൾ വന്ന് 450 രൂപ

വാങ്ങി അയാളെ സന്തോഷത്തോടെ യാത്രയാക്കി. ഒരു അക്രമം മാത്രം ഞാൻ നടത്തി അയാളോട് കർമ്മ നിയമത്തെക്കുറിച്ച് ഉപദേശിച്ചു. അതു വല്ലതും അയാൾക്ക് മനസ്സിലാകുമോ, എന്തോ? എനിക്കു തന്നെ മനസ്സിലായിട്ടില്ല.

നാം പ്രതീക്ഷിക്കാതെ പല സംഭവങ്ങളും നമ്മുടെ ജീവിതത്തിലേയ്ക്ക് കടന്നു വരുന്നുണ്ടല്ലോ, ഗുണവും, ദോഷവും. ഗുണത്തെ മാത്രമേ സ്വീകരിക്കൂ എന്ന് പറഞ്ഞാൽ നടപ്പുള്ള കാര്യമല്ല. ക്ഷമിക്കാൻ കിട്ടുന്ന അവസരങ്ങൾ നഷ്ടമാക്കരുത്. ആക്രിക്കാരൻ എന്തേ ഇങ്ങനെയായി എന്നാണ് നാം ചിന്തിക്കേണ്ടത്. അയാളുടെ ജീവിത സാഹചര്യങ്ങൾ മനസ്സിലാക്കണം. ഇനിയെന്തു കൊണ്ടാണ് നമുക്ക് വിപരീത അനുഭവങ്ങൾ ഉണ്ടാകുന്നതെന്ന് പഠിച്ചു നോക്കൂ. നമ്മുടെ ശരീരത്തിൽ ദുർമേദസ്സ് വർദ്ധിക്കുമ്പോൾ അത് ഉരുണ്ടു കൂടി രോഗമായി ഭവിക്കുന്നു. ധ്യാനമൊന്നും ചെയ്യാതെ മനസ്സിൽ അശുദ്ധി വർദ്ധിക്കുമ്പോൾ പ്രകൃതി ശുദ്ധീകരണത്തിനായി ചില സാഹചര്യങ്ങൾ സൃഷ്ടിക്കുന്നു. ഇത്തരം സന്ദർഭങ്ങളിൽ കൂടുതൽ ജാഗ്രത വേണം. മനസ്സിന്റെ താളം തെറ്റരുത്, അപമാനം സഹിച്ചും സംഘർഷം ഒഴിവാക്കണം, തെറ്റുപറ്റാത്തവരായി ആരുമില്ല. പിന്നെ ഈ ആക്രിക്കാരനോട് കയർക്കുന്നതെന്തിന്. ഇന്നത്തെ കണിയെന്നോ, അത്രയും പ്രാരബ്ധം ഒഴിഞ്ഞെന്നോ കരുതാം. നമ്മുടെ നിസ്സംഗമായ പ്രതികരണം മറ്റുള്ളവരിലും പരിവർത്തനം വരുത്തിയേക്കാം. ഹൃദയത്തിൽ നിന്നും ചുറ്റുവട്ടത്തേയ്ക്ക് ഉണ്ടാകുന്ന കാരുണ്യ പ്രവാഹമാണ് നമ്മുടെ നേരെ വരുന്ന പ്രതിസന്ധികളുടെ മറുമരുന്ന്. ഇതുതന്നെ പരസ്പരാനന്ദ ജീവിതം. ജയ് ജഗത്.

## മനഃപരിവർത്തനം

*മുരളീധരമേനോൻസാറിന്റെ പുത്രനായ സനൽകുമാറിന്റേതാണ് ഈ ലേഖനം. ഇപ്പോൾ അമൃതാനന്ദമയീ മഠത്തിൽ താമസിക്കുന്നു. ഫോൺ : 9605896925*

എനിക്കെല്ലാമറിയാം, എന്നാലെനിക്കൊന്നുമേയറിയില്ല. അഥവാ എനിക്കെല്ലാമുണ്ട്, എന്നാലെന്റെ കൈവശം ഒന്നുമേയില്ല. അതാണിന്നുള്ള സ്ഥിതിവിശേഷം. ഉദാഹരണത്തിന് പുകവലി, മദ്യപാനം എന്നിവ ആരോഗ്യത്തിന് ഹാനികരമെന്നത് സ്കൂൾ വിദ്യാ

ഭ്യാസം പോലുമില്ലാത്തവർക്കും നന്നായറിയുന്ന സത്യമാണ്. എന്നാൽ വളരെ വിദ്യാസമ്പന്നരും, ശരീരത്തേയും, രോഗങ്ങളേയും പറ്റി നന്നായി പഠിച്ചറിഞ്ഞിട്ടുള്ള പല ഡോക്ടർമാരു പോലും ഇവയ്ക്കടിമപ്പെട്ടിരിക്കുന്നു. ക്യാൻസർ പോലുള്ള പല മാരകരോഗങ്ങളും പിടിപെട്ട് വൈദ്യസഹായത്തിനെത്തുന്ന പല രോഗികളേയും ചികിത്സിക്കുകയും, അവർക്കതിന്റെ ദോഷവശങ്ങൾ വ്യക്തമാക്കി കൊടുക്കുകയും, മദ്യവും, പുകവലിയും പൂർണ്ണമായി ഒഴിവാക്കണമെന്ന് നിർബന്ധപൂർവ്വം പറയുകയും ചെയ്യുന്നവർക്ക് സ്വന്തം വാസനയെ ത്യജിക്കുവാൻ കഴിയുന്നില്ല. ഫലമോ തനിക്കു മാത്രമല്ല, തന്റെ കുടുംബത്തിനു തന്നെ അശാന്തിയും, അശാന്തസ്യ കുതഃസുഖം".

ഒരു ധനികനായ വ്യക്തി ബസ്സിൽ യാത്ര ചെയ്യുന്നു. വാഹനം കിലോമീറ്ററുകൾ മുന്നോട്ട് നീങ്ങിയ ശേഷം കണ്ടക്ടർ തന്നെ സമീപിച്ചപ്പോഴാണ് താൻ പോക്കറ്റ് ശ്രദ്ധിക്കുന്നത്. അയ്യോ, ഞാനെന്റെ പഴ്സ് വീട്ടിൽ വെച്ചിട്ടാണിറങ്ങിയത്. ടിക്കറ്റില്ലാതെ യാത്ര ചെയ്യുവാനും അസാദ്ധ്യം. അതിനു പണം നൽകിയേ പറ്റൂ. ഞാനൊരു ധനികനാണ്. ധാരാളം പണവും, സ്വത്തും എനിക്കുണ്ട് എന്നൊക്കെ പറഞ്ഞിട്ടും ഫലമില്ല. വഴിമദ്ധ്യേ ബസ് യാത്ര അവസാനിപ്പിക്കേണ്ടി വരുന്നു. ഇപ്പോൾ വീട്ടിലുമല്ല, ലക്ഷ്യസ്ഥാനമൊട്ടെത്തുവാനും സാധിച്ചില്ല.

തെറ്റിനെ തെറ്റാണെന്നറിഞ്ഞിട്ടും അതിൽനിന്നും പിന്മാറുവാൻ പലർക്കും പ്രയാസമാണ്. 'ജാനാമി ധർമ്മം നചമേ പ്രവർത്തി ജാനാമ്യ ധർമ്മം നചമേ നിവൃത്തി'. അറിഞ്ഞുകൊണ്ടു തന്നെ തെറ്റുകൾ ചെയ്തിട്ടും ചിലർ പള്ളിയിലോ, ക്ഷേത്രത്തിലോ ചെന്ന് നേർച്ചകൾ നേർന്നിട്ട് ക്ഷമ ചോദിക്കുന്നു. അമ്മ പറയാറുള്ള ഒരു ഉദാഹരണം ശ്രദ്ധേയം : ഒരു രോഗി ഒരു മരുന്നു സേവിച്ച ശേഷം തന്റെ വയറിനെ കുലുക്കുകയായിരുന്നു. ഇതു കണ്ടു നിന്ന മറ്റൊരാൾ ചോദിച്ചു 'നിങ്ങളെന്തിനാണ് ഇങ്ങനെ വയറിനെ കുലുക്കുന്നത് '? അയാൾ മറുപടി പറഞ്ഞു. 'ഞാനിപ്പോൾ ഒരു മരുന്നു സേവിച്ചു. അത് കുടിച്ച ശേഷമാണ് ഞാനാ മരുന്നു കുപ്പി ശ്രദ്ധിച്ചത്. അതിൽ shake well before use എന്നെഴുതിയിരുന്നു. അതു കഴിക്കുന്നതിന് മുമ്പ് ചെയ്യാൻ പറ്റാത്തതിനാലാണ് ഇപ്പോഴിങ്ങനെ ചെയ്യു

ന്നത്. ഇന്നു പലരും പല കാര്യങ്ങളിലും shake well before use-കാരായിത്തീർന്നിരിക്കുന്നു.

പലരുമിന്ന് സ്വന്തം ഗുരുക്കന്മാരുടേയും, പൂർവ്വികരുടേയും ഉപദേശങ്ങളേയും, നിർദ്ദേശങ്ങളേയും, വെറും നിസ്സാരങ്ങളായി തള്ളുന്നു. അതിനാൽ സമൂഹത്തിൽ ബന്ധം, സ്നേഹം, ഐക്യം എന്നിവയുടെ അളവ് വല്ലാതെ നഷ്ടപ്പെട്ടിരിക്കുന്നു. ബന്ധുക്കൾ തമ്മിൽപ്പോലും സംഘട്ടനം, അക്രമം, ശത്രുത എന്നിവ പെരുകി വരികയും ചെയ്യുന്നു. ഇതിൽനിന്നുള്ള മോചനത്തിന് കർമ്മം ചെയ്യുന്നതിനു മുമ്പായി അതിന്റെ ഭവിഷ്യത്തിനെക്കുറിച്ച് ചിന്തിക്കണം. നമ്മൾക്കും സമൂഹത്തിനും അസ്വസ്ഥത ഉണ്ടാക്കുന്ന കർമ്മങ്ങളിൽ ഏർപ്പെടരുത്. അത് നമ്മൾക്കുതന്നെ ദുരിതങ്ങൾ സമ്മാനിക്കും. പലരുടേയും ശ്രമം പരിസ്ഥിതിയെ മാറ്റുവാനാണ്. എന്നാൽ അതിനേക്കാൾ ശ്രമിക്കേണ്ടത് സ്വന്തം മനഃസ്ഥിതിയെ മാറ്റുവാനാണെന്ന് അമ്മ പറയുന്നു. മതപരിവർത്തനത്തേക്കാൾ ആവശ്യം സ്വന്തം മനഃപരിവർത്തനമാണ്.

## പൊതു വിവരങ്ങൾ

1. **പ്രതിമാസ യോഗം** : പുതുമ നമുക്കെപ്പോഴും സുഖദായകമാണ്. വർഷമാണെങ്കിലും, വസ്ത്രമാണെങ്കിലും. കാഴ്ചകൾ കാണാനും, നാം യാത്ര നടത്തുന്നതും പുതുമയ്ക്കു തന്നെ. പ്രതിമാസ യോഗങ്ങൾ പല വീടുകളിലാകുന്നതിനും ആ ലക്ഷ്യമുണ്ട്. പുന്നപ്ര ഷറഫുദ്ദീൻ ഇസ്ലാം പള്ളിയുടെ കിഴക്കാണ് മീനത്തേൽ വീട്. വേണുവും, സീതയും കുട്ടികളായ രേഷ്മ, രോഹിത് എന്നിവരും വേണുവിന്റെ അമ്മ പത്മാവതിയുമാണ് ഇവിടെ താമസിക്കുന്നത്. വീടിന് കുട ചൂടും പോലെ ഫലവൃക്ഷങ്ങൾ ചുറ്റിനുമുണ്ട്. വേണു കോടതിയിലും, സീത ഗാന്ധി സ്മാരക കേന്ദ്രത്തിലും പ്രവർത്തിക്കുന്നു. അയൽക്കാരുമായി ഒരുമയോടെ കഴിയുന്നു. ഈ വീടിന്റെ ബാൽക്കണിയിലാണ് ഇന്നത്തെ ദർശനം യോഗം. ഹംസസാർ അച്ഛന്റെ അടിസ്ഥാനയോഗ്യത എന്ന ലേഖനം വായിച്ചു ചർച്ച നടത്തി. അതിൽ മനുഷ്യൻ സ്വയം എവിടെ നിൽക്കുന്നു എന്ന് വിലയിരുത്താതെ അപരൻ എത്തരക്കാരാണെന്ന് കണ്ടെത്തുവാൻ ശ്രമി

ക്കുന്നതിലെ അപാകത വ്യക്തമാക്കുന്നു. **ടോർച്ച് സ്വന്തം മനസ്സിലേയ്ക്ക് അടിക്കുക. ഭൂമിയിൽ ആരോടെങ്കിലും എനിക്ക് വെറുപ്പുണ്ടോ? ഏതെങ്കിലും ഒരു വ്യക്തിയോ, സമൂഹമോ എനിക്കുള്ളതല്ലെന്നും അവർ നശിച്ചു പോകണമെന്നും ഞാൻ വിചാരിക്കാറുണ്ടോ? എല്ലാവരുടേയും അഭ്യുദയം ഞാൻ ആഗ്രഹിക്കുന്നുണ്ടോ? ചുറ്റുവട്ടത്തുള്ളവരോട് ചേർന്ന് ആനന്ദമായി ജീവിക്കുവാനാണോ, അതോ മറ്റുള്ളവരെ കുറ്റപ്പെടുത്തുവാനാണോ എന്റെ മനസ്സ് ശ്രമിക്കുന്നത്. ഇത്തരത്തിൽ ഒരു മനോവിശകലനം നടത്തുക, വിപരീത മറുപടിയാണ് കിട്ടുന്നതെങ്കിൽ എന്റെ വിശ്വാസ പ്രമാണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് കണ്ടെത്തിക്കൊള്ളുക. ഇത് ചെയ്യാതെ നിർമ്മ്യാല്യ ദർശനവും, കുർബ്ബാന കൈക്കൊള്ളലും, അഞ്ചു നേരം നിസ്കാരവും കൃത്യമായി നടന്നു കൊണ്ടിരിക്കെ നാം ഈശ്വരനിൽ നിന്നും അകന്നു കൊണ്ടിരിക്കും. ഓരോരുത്തരും സ്വന്തം മനസ്സിൽ ഭീകരതയ്ക്ക് സ്ഥാനം നൽകാതിരുന്നാൽ വേരറ്റ് ഈ ഭീകരവൃക്ഷം ഉണങ്ങിപ്പോകുമെന്ന് കുറുപ്പു സാർ വ്യക്തമാക്കുന്നു**. അഷ്റഫിനോടൊപ്പമെത്തിയ ശ്രീ. കളർകോട് ഗോപാലകൃഷ്ണൻ സാർ ആദ്യമായാണ് പങ്കെടുക്കുന്നത്. എങ്കിലും അറിവും, അനുഭവങ്ങളും കൊണ്ട് ഈ യോഗത്തിന് മാധുര്യമേറും അദ്ദേഹത്തിന്റെ വാക്കുകൾ. മനുഷ്യന് വേണ്ടതെല്ലാം പ്രകൃതിയിൽ നിന്നും സൗജന്യമായി ലഭിക്കുന്നു. മനുഷ്യൻ അതെല്ലാം വിറ്റ് കാശാക്കുന്നു. അതിനു വേണ്ടി ഭൂമി വിഷമയമാക്കുന്നു. ക്യാൻസർ രോഗികൾ പെരുകുന്നു. ചികിത്സയിലും കച്ചവടം. പണത്തിന്റ പുറകെ ഓടി അവസാനം സ്വയം നശിച്ച് ഭൂമിയും നശിപ്പിക്കുന്ന ജീവി വർഗ്ഗമായി തീരുന്നു മനുഷ്യൻ. ഇത് നോക്കി നിൽക്കാതെ സാമൂഹ്യ മാറ്റത്തിനായി ആവത് പരിശ്രമിക്കണം. ഡോ. പത്മകുമാർ, ശിവാനന്ദൻ സാർ, സരോജിനീകൃഷ്ണൻ, ലത, സുധീർ, അഷ്റഫ്, ഷാജി തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു. മാനുഷിക ധ്യാനത്തോടെ യോഗം അവസാനിച്ചു. പിന്നെയായിരുന്നു പങ്കെടുത്തവരുടെ ഒരു യോഗം നല്ല ചൂട് മസാലദോശ, രുചിയേറിയ അതിന്റെ അനുസാരികൾ, ഉഴുന്നുവട, ജാപ്പി. ഓരോരുത്തർക്കും തൃപ്തിയാവോളം കുട്ടികൾ വിളമ്പിത്തന്നു. സീതയും, അയൽക്കാരായ മീനയും, സുബൈദയും ചേർന്ന് ദോശ ചുട്ടു കൊണ്ടിരുന്നു.

ഭക്ഷണം കഴിഞ്ഞ് മൈത്രീഭാവനയോടെ ഞങ്ങൾ യാത്ര പറഞ്ഞു. തൊട്ടടുത്തു തന്നെയാണ് അച്ഛനോടൊപ്പം പുന്നപ്രയിൽ ജോലി ചെയ്തിരുന്ന പൊന്നമ്മസാർ താമസിക്കുന്നത്. ടീച്ചറെ ചെന്നു കണ്ടു, എന്റേയും അധ്യാപികയാണ്. ഒരു പരസ്പരാനന്ദം. ടീച്ചർക്ക് വാർദ്ധക്യം പലവിധ രോഗങ്ങൾ, എങ്കിലും സന്തോഷമായിരിക്കുന്നു. സ്കൂളിൽ ലൈബ്രറിയുടെ ചുമതല വഹിച്ചിരുന്ന സാർ ഇപ്പോഴും വായനാശീലം തുടരുന്നു. ദർശനം ശ്രദ്ധയോടെ വായിക്കുന്നുണ്ട്. കുടുംബാംഗങ്ങളെ കണ്ട് കുശലം പറഞ്ഞ് പോന്നു.

2. **ശ്രീ. മുരളീധരമേനോൻ** : സ്മരണാഞ്ജലിയുടെ ആലോചനയ്ക്കായി ദർശനത്തിന്റെ ഒരു യോഗം 23-ാം തീയതി ഞായറാഴ്ച നടന്നു. പരിപാടികൾക്ക് ഒരു ഏകദേശ രൂപം കൊടുത്തു. മുരളീധരമേനോൻ സാറിന്റെ മൂന്നാം സ്മരണാഞ്ജലി. സാറിനെ നമിച്ച് പ്രാർത്ഥന നടത്തി. മേനോൻ സാറിനും, അച്ഛനും പരസ്പരം എന്തൊരു ആദരവായിരുന്നു. ഒരാൾ സമൂഹ നന്മയ്ക്കായി നേരിട്ട് പ്രവർത്തിച്ചു. എന്നാൽ മേനോൻ സാറിന് അത് വശമില്ല, പിന്നിൽ നിന്ന് എല്ലാ പിന്തുണയും നൽകി. തന്റെ അത്ഭുതകരമായ പ്രഭാഷണത്തിലൂടെയും, ക്ലാസ്സുകളിലൂടെയും, ഉത്തമ പൗരന്മാരെ വാർത്തെടുക്കുവാനാണ് സാർ ഏറെയും ശ്രമിച്ചിട്ടുള്ളത്. മേനോൻ സാറിനോട് അച്ഛനെക്കുറിച്ച് ഒരു ലേഖനം ആവശ്യപ്പെട്ടപ്പോൾ പറഞ്ഞ മറുപടി (മുൻലക്കത്തിൽ എഴുതിയിരുന്നതുപോലെ) "രാധാകൃഷ്ണാ സാറിനെക്കുറിച്ചെഴുതാൻ ഒന്ന് സ്മരിച്ച് പേനയെടുക്കുമ്പോൾ കണ്ണു നിറയും. പിന്നെ എങ്ങിനെ എഴുതുവാനാണ്. സാർ ഒരു മഹാത്മാവായിരുന്നു. കാഷായമുടുക്കാത്ത സന്യാസി ". യോഗം കഴിഞ്ഞ് കുട്ടപ്പൻ സാറുമായി മേനോൻ സാറിന്റെ സഹധർമ്മിണി സുഷമ ച്ചേച്ചിയെ അമ്പലപ്പുഴ ശ്രീപാദം ആയുർവേദാശുപത്രിയിൽ പോയി കണ്ടു. അഞ്ച് ദിവസത്തെ ധാര, ഇലക്കിഴി എന്നീ ചികിത്സയ്ക്കായി രമച്ചേച്ചിയോടൊപ്പമാണ് ചേച്ചി ആശുപത്രിയിൽ എത്തിയത്. ഈ സന്ദർശനം മറ്റൊരു സത്കർമ്മത്തിന് കളമൊരുക്കി. ശ്രീരാമകൃഷ്ണ മിഷന്റെ ജീവസേവ തന്നെ ഈശ്വരസേവ എന്ന കർമ്മ പരിപാടിയിൽ ദുരിതമനുഭവിക്കുന്ന മൂന്നുപേരെ കണ്ടെത്തി, ആശ്രമവുമായി ബന്ധിച്ച് അവർക്ക് വർഷത്തിൽ പതിനായിരം രൂപ വീതം ആശ്രമം

നൽകുന്നു. അങ്ങിനെ മേനോൻ സാറിന്റെ സ്മരണാഞ്ജലി ദിനത്തിൽ സാറിന്റെ ഇഷ്ട ദേവതയായ ശ്രീരാമകൃഷ്ണ പരമഹംസന്റെ പേരിലുള്ള സേവന പ്രവർത്തനങ്ങളിൽ ഞങ്ങളും ഒരു പൂവിട്ടു.

3. **സ്വാതന്ത്ര്യദിനം** : നീർക്കുന്നം കാക്കാഴം സ്കൂളുകളിൽ നടന്ന സ്വാതന്ത്ര്യദിന ചടങ്ങിൽ ദർശനം പങ്കെടുത്തു. സോളിഡാരിറ്റിയുടെ സ്വാതന്ത്ര്യദിന കൂട്ടായ്മയിലും പങ്കെടുക്കുവാൻ കഴിഞ്ഞു. എല്ലാ വേദികളിലും ദർശനം കാഴ്ച്ചപ്പാടുകൾ വ്യക്തമാക്കി. മനസ്സിനെ കീഴടക്കി ഭരിക്കുന്ന ദുർവികാരങ്ങളിൽ നിന്നുള്ള സ്വാതന്ത്ര്യമാണ് ഭരണാധികാരികളിൽ നിന്നുള്ള സ്വാതന്ത്ര്യത്തേക്കാൾ വലുതെന്ന് വിശദീകരിച്ചു.

4. **ആദരാഞ്ജലികൾ** : (1) പഴവീട് യു.പി. സ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന നാരായണപിള്ള സാർ എൺപത്തിയേഴാം വയസ്സിൽ അന്തരിച്ചു. ദർശനത്തിന്റെ പ്രണാമം. അച്ഛന്റെ ആത്മമിത്രമായിരുന്നു. ഇടയ്ക്ക് ഞാൻ കാണാൻ ചെന്നപ്പോൾ ദർശനം തുടരുന്നതിൽ അഭിനന്ദിച്ചു. മക്കളായ വേണുഗോപാലും, വിജയകുമാറും ചേർന്നാണ് അച്ഛന്റെ പുസ്തകങ്ങൾ www.sayahna.org നെറ്റ്വർക്കിലൂടെ പ്രസിദ്ധീകരിച്ചത്. ഇന്ന് ലോകത്ത് എവിടെയിരുന്നും ഈ നെറ്റ്വർക്കിലൂടെ പുസ്തകങ്ങൾ വായിക്കാം.

(2) ഇ.ആർ.സി. പണിക്കർ - പണിക്കേഴ്സ് ട്രാവൽസ് ഉടമ ശ്രീ. ഇ.ആർ.സി പണിക്കർ എൺപത്തിയാറാം വയസ്സിൽ അന്തരിച്ചു. അമ്പലപ്പുഴയിലെ എല്ലാ സാംസ്കാരിക പ്രവർത്തനങ്ങളെയും അദ്ദേഹം പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ദർശനത്തിന്റെ പല പരിപാടികളും അദ്ദേഹത്തിന്റെ ശ്രീപ്രിയ ആഡിറ്റോറിയത്തിൽ വെച്ചാണ് നടന്നിട്ടുള്ളത്. വണ്ടി വാടകയ്ക്കെടുത്ത് ടൂറിസം മേഖലയിൽ പ്രവർത്തിച്ചു തുടങ്ങിയ അദ്ദേഹം സ്വന്തം അദ്ധ്വാനത്തിലൂടെ ഭാരതമൊട്ടാകെ ടൂറിസം ശൃംഖല വികസിപ്പിച്ച് വിഖ്യാതനായി. അദ്ദേഹത്തിന്റെ നൂറുകണക്കിന് ബസ്സുകളിലൂടെ ടൂറിസ്റ്റുകൾ ഭാരത ദർശനം നടത്തുന്നു. അച്ഛന്റെ ഈ മിത്രത്തിന് ദർശനത്തിന്റേയും പ്രണാമം.

സത്യം അഹിംസ

# ദർശനം മാസിക

വില : 3/-

No. R. No. 24812 / 73

EDITOR : DARSANAM, NEERKUNNAM, ALAPPUZHA, KERALAM-688 005.
Phone : 0477 2282377, E-mail : darsanamkanjippadom@gmail.com

To

**മടിശ്ശീല** :

സർവ്വശ്രീ : ശബരീഷ്, വണ്ടാനം - 500, പവിഴം മാധവൻ നായർ - 500, പങ്കജാക്ഷൻ, കോമന - 200, അഡ്വ. രാജേഷ് - 100, ജയ്സി കാർമൽ, കുന്നന്താനം - 100, രാജമ്മച്ചേച്ചി, കഞ്ഞിപ്പാടം - 100, അജിത് കുമാർ, പഴവീട് - 500, രമാനായർ, എറണാകുളം - 500, അനന്തകൃഷ്ണൻ, കോമന-100, കെ.ആർ.കെ.എമ്പ്രാന്തിരി-100. എല്ലാവർക്കും പ്രണാമം.

---

**20.09.15 ഞായറാഴ്ച നീർക്കുന്നം സ്കൂളിൽ നടക്കുന്ന സ്മരണാഞ്ജലിയിലേക്ക് സ്വാഗതം. പങ്കെടുക്കുന്നവർ ഒന്ന് വിവരം അറിയിക്കുക.**

---

***ആരും ശ്രദ്ധിക്കുന്നില്ലെങ്കിലും പ്രകാശം പരത്തുന്ന നക്ഷത്രങ്ങളെപ്പോലെ പ്രശസ്തിയും, അംഗീകാരവും നോക്കാതെ സമൂഹത്തിന് നന്മ ചെയ്യൂ. സ്വാർത്ഥതയില്ലാത്ത സേവനമാണ് സർവ്വേശ്വരനിലേയ്ക്കുള്ള പാത.***

Edited, Printed & Published by : Dr.P.Radhakrishnan
Telephone : 0477 2282377, 9496158249

Founder Editor : D.Pankajaksha Kurup
at Chaithanya Offset Printers, Punnapra. Phone : 9895505306